ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.05.2025**

## പ്രധാനവാർത്തകൾ

1.) ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.

2.) പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ കൂടിക്കാഴ്ച നടത്തി.

3.) ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തിന്റെ പശ്ചാത്തലത്തിൽ അതിർത്തി പ്രദേശങ്ങളിൽ കനത്ത ജാഗ്രത ; പാകിസ്ഥാൻ ഷെല്ലാക്രമണത്തിൽ 13 മരണം ; ശക്തമായി തിരിച്ചടിച്ച് ഇന്ത്യ.

4.) സംസ്ഥാന സർക്കാറിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായുള്ള സംസ്ഥാന തല പട്ടയമേള മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പാലക്കാട് ഉദ്ഘാടനം ചെയ്യും.

5.) വനാതിർത്തികളിൽ വന്യജീവികളുടെ സാന്നിദ്ധ്യം അറിയാനുള്ള മുന്നറിയിപ്പ് സംവിധാനം വനം മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

6.) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും.

*****************************

RNU TVPM

## സർവ്വകക്ഷി യോഗം

ഓപ്പറേഷൻ സിന്ദൂറിൻറ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളോട് കേന്ദ്രസർക്കാർ ഓപ്പറേഷൻറെ വിശദാംശങ്ങൾ പങ്കുവയ്ക്കും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, എസ്.ജയ്ശങ്കർ, ജെ.പി.നഡ്ഡ, കോൺഗ്രസ് നേതാക്കളായ മല്ലികാർജുൻസിംഗ് ഖാർഗെ, രാഹുൽ ഗാന്ധി, സമാജ് വാദി പാർട്ടി നേതാവ് രാംഗോപാൽ യാദവ്, തുടങ്ങി വിവിധ കക്ഷി നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ഓപ്പറേഷൻ സിന്ദൂറിനും ഇന്ത്യൻ സേനകളുടെ ധീരതയക്കും വിവിധ രാഷ്ട്രീയ പാർട്ടികൾ ഇന്നലെ തന്നെ അഭിവാദ്യം അർപ്പിച്ചിരുന്നു.

******************************

RIU TVPM

## അജിത് ഡോവൽ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ വസതിയിലായിരുന്നു കൂടിക്കാഴ്ച. പാകിസ്ഥാനിലേയും, പാക് അധീന ജമ്മു കശ്മീരിലേയും ഭീകര കേന്ദ്രങ്ങളിൽ കഴിഞ്ഞ ദിവസം ഇന്ത്യ നടത്തിയ ആക്രമണങ്ങളുടെ പശ്ചാത്തലത്തിലാണ് കൂടിക്കാഴ്ച. പഹൽഗാം ഭീകരാക്രണത്തിനുള്ള മറുപടി എന്ന നിലയിൽ ഭീകരത്താവളങ്ങളിൽ നടത്തിയ സൈനിക നടപടി സംബന്ധിച്ച് മറ്റ് രാജ്യങ്ങളിലെ സുരക്ഷാ ഉപദേഷ്ടാക്കളുമായി ശ്രീ അജിത് ഡോവൽ ആശയ വിനിമയം നടത്തിയിരുന്നു. നിലവിലെ സംഘർഷം കൂടുതൽ രൂക്ഷമാക്കണമെന്ന യാതോരു ഉദ്ദേശവും ഇന്ത്യക്കില്ലെന്നും എന്നാൽ പാകിസ്ഥാൻ അതിന് ശ്രമിച്ചാൽ തിരിച്ചടിക്കാൻ ഇന്ത്യ സജ്ജമാണെന്നും അദ്ദേഹം വ്യക്തമാക്കി.

******************************

## ജമ്മുകാശ്മീർ

പാകിസ്ഥാനിൽ ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തിൻറെ പശ്ചാത്തലത്തിൽ അതിർത്തി പ്രദേശങ്ങളിൽ കനത്ത ജാഗ്രത. ജമ്മുകശ്മീരിലെ നിയന്ത്രണ രേഖയിലും ജമ്മു അന്താരാഷ്ട്ര അതിർത്തിയിൽ നിന്നും നൂറോളം പ്രദേശവാസികളെ മാറ്റിപാർപ്പിച്ചു. പാകിസ്ഥാൻ ഷെൽ ആക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് ഇവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയത്. അതേസമയം, നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സൈന്യം നടത്തിയ ഷെല്ലാക്രമണത്തിൽ മരണസംഖ്യ 13 ആയി. ഇന്ത്യൻ സേന ശക്തമായി തിരിച്ചടിക്കുന്നുണ്ട്. യതൊരു പ്രകോപനവുമില്ലാതെയാണ് പാകിസ്ഥാൻ സൈന്യം ഷെല്ലാക്രമണം നടത്തിയതെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. കുപ് വാര, ബാരാമുള്ള, ഉറി, അഖ്നൂർ എന്നിവിടങ്ങളിലായിരുന്നു ആക്രമണം.

RNU TVPM

******************************

## പാകിസ്ഥാൻ-ഡ്രോൺ

പാകിസ്ഥാനിലെ ഗുജ്റൻവാലയിൽ ഇന്ത്യൻ ഡ്രോൺ വെടിവച്ചിട്ടതായി പാക് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന ചിത്രം വ്യാജമെന്ന് കേന്ദ്ര സർക്കാർ. ചിത്രം 2022ലെ യുക്രൈൻ- റഷ്യ യുദ്ധത്തിൽ നിന്നും ഉള്ളതാണെന്നും പിഐബി ഫാക്ട് ചെക് യൂണിറ്റ് അറിയിച്ചു.

******************************

## ഫാക്ട് ചെക്ക്

അമൃത്സറിലെ സൈനികത്താവളം ആക്രമിച്ച തരത്തിൽ പാകിസ്ഥാനിലെ സമൂഹമാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന ദൃശ്യങ്ങൾ യഥാർത്ഥമല്ലെന്ന് കേന്ദ്ര സർക്കാർ. പ്രചരിക്കുന്ന ദൃശ്യങ്ങൾ 2024ലെ കാട്ടുതീയുടേതാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ

ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഇത്തരത്തിൽ സ്ഥിരീകരണം ഇല്ലാത്ത തെറ്റായ ദൃശ്യങ്ങൾ പങ്കുവെക്കരുതെന്നും വസ്തുതകൾക്കായി ഔദ്യോഗിക വൃത്തങ്ങളെ ആശ്രയിക്കണമെന്നും സർക്കാർ നിർദേശം നൽകി.

*****************************

## ബലൂചിസ്ഥാൻ

ബലൂചിസ്ഥാനിലുണ്ടായ രണ്ട് വ്യത്യസ്ത ആക്രമണങ്ങളിൽ 14 പാകിസ്ഥാൻ സൈനികർ കൊല്ലപ്പെട്ടു. ബോലൻ ജില്ലയിൽ സൈനിക വാഹന വ്യൂഹത്തിന് നേരെയാണ് ആക്രമണം ഉണ്ടായത്. കെച്ച് ജില്ലയിലും സമാന ആക്രമണമുണ്ടായി. ആക്രമണത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതായി ബലൂചിസ്ഥാൻ ലിബറേഷൻ ആർമി - ബി എൽ എ വക്താവ് പ്രസ്താവനയിൽ അറിയിച്ചു.

PNU TVPM

*****************************

## പഹൽഗാം - എൻ ഐ എ

പഹൽഗാം ഭീകരാക്രമണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വിവരങ്ങളോ, ഫോട്ടോ, വീഡിയോ എന്നിവയോ കൈവശമുള്ള വിനോദസഞ്ചാരികൾ, പ്രദേശവാസികൾ തുടങ്ങിയവർ എത്രയും വേഗം അവ ലഭ്യമാക്കാണമെന്ന് ദേശീയ അന്വേഷണ ഏജൻസി നിർദേശിച്ചു. വിവരങ്ങൾ 96 54 95 88 16 എന്ന മൊബൈൽ നമ്പറിലോ 011 24 36 88 00 എന്ന ലാൻറ് ലൈൻ നമ്പറിലോ ലഭ്യമാക്കാനാണ് നിർദേശം.

*****************************

## പട്ടയമേള

സംസ്ഥാന സർക്കാറിൻറെ നാലാം വാർഷികാഘോഷത്തിൻറെ ഭാഗമായി നടത്തുന്ന സംസ്ഥാന തല പട്ടയമേള മുഖ്യമന്ത്രി

പിണറായി വിജയൻ  ഇന്ന് പാലക്കാട് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തുടനീളം 30,000 പട്ടയങ്ങളാണ് പട്ടയമേളയിൽ വിതരണം ചെയ്യുന്നത്.ജില്ലയിലെ 9,000 പട്ടയങ്ങളിൽ 4,500 പട്ടയങ്ങളുടെ വിതരണവും നടക്കും.

*****************************

## വന്യജീവി-പാലക്കാട് (ഇൻട്രോ)

വനാതിർത്തികളിൽ വന്യജീവികളുടെ സാന്നിദ്ധ്യം അറിയാനുള്ള മുന്നറിയിപ്പ് സംവിധാനം വനം മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. നിർമിത ബുദ്ധി സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് സംവിധാനം പ്രവർത്തിക്കുന്നത്. വനം വകുപ്പിൻറെ ഒലവക്കോട് ഡിവിഷൻ ഓഫീസിലാണ് ഇതിൻറെ കൺട്രോൾ റൂം. നവംബറോടെ വന്യമൃഗ ശല്യം രൂക്ഷമായ ജില്ലയിലെ എല്ലായിടങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

*****************************

## എൻറെ കേരളം- കണ്ണൂർ

സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികത്തിനോടനുബന്ധിച്ചുള്ള എൻറെ കേരളം പ്രദർശന വിപണന മേളയ്ക്ക് കണ്ണൂരിൽ ഇന്ന് തുടക്കമാവും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ഏഴ് ദിവസങ്ങളിലായി നടക്കുന്ന പ്രദർശന മേളയ്ക്കായി പോലീസ് മൈതാനിയിൽ 52,000 ചതുരശ്ര അടിയിലുള്ള പവലിയൻ ആണ് സജ്ജീകരിച്ചിട്ടുള്ളത് . മുഖ്യമന്ത്രി പങ്കെടുക്കുന്ന ജില്ലാതല യോഗം നാളെ  നടക്കും.

RNU TVPM

*****************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*****************************

നന്ദൻകോട് കൂട്ടക്കൊലക്കേസ്

നന്ദൻകോട് കൂട്ടക്കൊലക്കേസിൽ വിധി പറയുന്നത് തിങ്കളാഴ്ചത്തേക്ക് മാറ്റി. തിരുവനന്തപുരം ആറാം അഡീഷണൽ സെഷൻസ് കോടതിയാണ് കേസ് പരിഗണിക്കുന്നത്. മാതാപിതാക്കൾ ഉൾപ്പെടെ നാലുപേരെ കൊന്ന കേസിൽ കേഡൽ ജിൻസൻ രാജയാണ് ഏകപ്രതി. ഏപ്രിൽ 28-ന് കേസിൻറെ അന്തിമവാദം പൂർത്തിയായിരുന്നു.

RNU TVPM

*****************************

പാലം-ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴയിലെ പെരുമ്പളം ദ്വീപിലേക്കുള്ള പാലത്തിൻറെ നിർമ്മാണം പുരോഗമിക്കുന്നു. സെപ്റ്റംബറിൽ പാലം യാഥാർത്ഥ്യമാകും എന്നാണ് കണക്കുകൂട്ടൽ. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....**

**(വോയ്സ്)**

*****************************

കാട്ടാനാക്രമണം

മൂന്നാർ നല്ലതണ്ണി കല്ലാർ എസ്റ്റേറ്റ് ഫാക്ടറി ഡിവിഷനിൽ ഉണ്ടായ കാട്ടാന ആക്രമണത്തിൽ തോട്ടം തൊഴിലാളിയായ സ്ത്രീക്ക്

പരിക്ക്. രാവിലെ ജോലിക്ക് പോകവേ ഇവർ കാട്ടാനയുടെ മുമ്പിൽ പെടുകയായിരുന്നു . ആക്രമണ ശേഷം ആന ഇവിടെ നിന്നും പിൻവാങ്ങി. മുഖത്തിന് പരിക്കേറ്റ ഷൈനിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വേനൽക്കാലമാരംഭിച്ച ശേഷം മൂന്നാറിലെ തോട്ടം മേഖലയിൽ കാട്ടാന ശല്യം രൂക്ഷമാണ്.

******************************

## പുഷ്പമേള - ഇടുക്കി (ഇൻട്രോ)

തെക്കിന്റെ കാശ്മീർ എന്നറിയപ്പെടുന്ന മൂന്നാറിലെത്തുന്നവർക്ക് പൂക്കളുടെ വർണ്ണക്കാഴ്ച്ചകളൊരുക്കി മൂന്നാർ പുഷ്പമേള. ഡിടിപിസിക്ക് കീഴിലുള്ള ദേവികുളം റോഡിലെ ബൊട്ടാണിക്കൽ ഗാർഡനിലാണ് ഈ മാസം 10 വരെ പുഷ്പമേള നടക്കുന്നത്. ഒരാഴ്ചക്കിടെ ആയിരക്കണക്കിനാളുകൾ പുഷ്പമേള സന്ദർശിക്കാനെത്തി. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

**(വോയ്സ്)**

RNU TVPM

******************************

## സ്പർശ്

14 ജില്ലകളിലും 'സ്പർശ്' സേവനകേന്ദ്രങ്ങൾ വരുന്നതോടെ എല്ലാ ജില്ലകളിലും സ്പർശ് സേവന കേന്ദ്രങ്ങൾ ഉള്ള സംസ്ഥാനമായി കേരളം മാറുമെന്ന് ചെന്നൈയിലെ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് ടി ജയശീലൻ പറഞ്ഞു. വിമുക്തഭടന്മാരുടെയും കുടുംബങ്ങളുടെയും പെൻഷൻ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക സംവിധാനമായ 'സ്പർശ്' സേവനകേന്ദ്രത്തിൻറെ പന്ത്രണ്ടാമത്തെ ഓഫീസ് കോഴിക്കോട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

******************************

## <u>ഐ.പി.എൽ</u>

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ധരംശാലയിലാണ് മത്സരം.

*****************************

## <u>വനിതാ ഏകദിന ക്രിക്കറ്റ്</u>

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ഇന്ത്യ ഫൈനലിൽ. ദക്ഷിണാഫ്രിക്കയെ 23 റണ്ണിന് പരാജയപ്പെടുത്തിയാണ് ഫൈനൽ പ്രവേശം. ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ശ്രീലങ്കയാണ് ഇന്ത്യയുടെ എതിരാളി.

*****************************

## <u>എസ്എസ്എൽസി</u>

എസ്എസ്എൽസി പരീക്ഷാ ഫലം നാളെ പ്രഖ്യാപിക്കും. നാല് **ലക്ഷത്തി** 27,021 വിദ്യാർഥികളാണ് ഇത്തവണ എസ്എസ്എൽസി പരീക്ഷയെഴുതിയത്. എസ്എസ്എൽസി പരീക്ഷാ ഫലത്തോടൊപ്പം റ്റിഎച്ച്എസ്എൽസി, എഎച്ച്എസ്എൽസി പരീക്ഷാഫലങ്ങളും നാളെ പ്രഖ്യാപിക്കും. 72 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലാണ് മൂല്യനിർണയം നടന്നത്.

*************************************************************************************

*********

RIUTVPM